**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 727 **09.08.2017**-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗങ്ങളുടെ വീട് നിർമ്മാണം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.ജെ.ജോസഫ്** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളിൽ വീട് നിർമ്മാണം പൂർത്തീകരിക്കാത്ത കുടുംബങ്ങൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾക്ക് സ്പിൽഓവർ പദ്ധതി പ്രകാരം പുതുക്കിയ നിരക്കിന് ആനുപാതികമായ തുക നൽകുന്നുണ്ട്. ഇതിന് പുറമേ 2007-08 മുതൽ 2013-14 വരെ അനുവദിച്ച വീടുകളിൽ പഴയനിരക്കിൽ തുക കൈപ്പറ്റി നിശ്ചിതഘട്ടംവരെയുള്ള പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്നതിന് രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ ഒടുവിൽ കൈപ്പറ്റിയ നിശ്ചിത ഗഡു തുക അധികധനസഹായമായി നൽകി വരുന്നു. |
| (ബി) | നടപ്പ് സാമ്പത്തികവർഷം ഇത്തരത്തിലുള്ള ഭവനങ്ങൾ കണ്ടെത്തി അവ പൂർത്തീകരിക്കുന്നതിന് ഇതിനോടകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2007-08 മുതൽ 2016-17 വരെ അനുവദിച്ചവയിൽ 01.04.2017-ന് പൂർത്തിയാകാതെ അവശേഷിച്ച 25772 വീടുകൾ പൂർത്തീകരിക്കുന്നതിനായി നടപ്പ് വർഷം 103,92,30,462 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിലൂടെ 2440 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 2007-08 മുതൽ 2013-14 വരെ അനുവദിച്ച വീടുകൾക്ക് അധികധനസഹായം നൽകുന്ന പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം 1,46,68,750/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ